## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5606      24.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്

## ദുർബല വിഭാഗങ്ങൾക്ക് സൗജന്യ ചികിത്സാ സൗകര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>,, ജി.എസ്.ജയലാൽ<br>,, വി.ആർ. സുനിൽ കുമാർ<br>ശ്രീമതി സി.കെ. ആശ | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സാമ്പത്തികമായും സാമൂഹികമായും ദുർബല വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് സൗജന്യമായി ഗുണമേന്മയുള്ള ചികിത്സാ സൗകര്യം ഒരുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; | (എ) പൊതുജനാരോഗ്യ മേഖല ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ആർദ്രം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ടി പദ്ധതിയുടെ ഭാഗമായി കേരളത്തിലെ സർക്കാർ ആശുപത്രികൾ രോഗീ സൗഹൃദമാക്കുന്നതിനും, ജില്ല/താലൂക്ക് തല ആശുപത്രികളിൽ സ്പെഷ്യാലിറ്റി/ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഒരുക്കുന്നതിനും, താഴെ തട്ടിലുള്ള രോഗനിവാരണ പ്രവർത്തനങ്ങൾക്കായി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനും രോഗികൾക്ക് ചികിത്സാ മാർഗ്ഗ രേഖകൾ പ്രകാരമുള്ള ഗുണമേന്മയുള്ള ചികിത്സാ സൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പൊതു ആരോഗ്യകേന്ദ്രങ്ങളിൽ ജനങ്ങളുടെ വിശ്വാസം ഊട്ടിയുറപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചു കൊണ്ടും ഡോക്ടർമാർ അടക്കമുള്ള വിവിധ വിഭാഗം ജീവനക്കാരുടെ തസ്തിക അധികമായി സൃഷ്ടിച്ച് നിയമിച്ചുകൊണ്ടും ചികിത്സാ സംവിധാനങ്ങൾ ശക്തിപ്പെടുത്താനുള്ള നടപടികൾ എടുത്തു വരുന്നു. |

| | | | |
|---|---|---|---|
| സി) | നേഴ്സിങ് രംഗത്ത് നൈപുണ്യവികസനത്തിനും മാനുഷികവിഭവശേഷി' വർദ്ധനക്കായും എന്തെല്ലാം നടപടികളാണ് സർക്കാർ ആലോചിക്കുന്നത്? | (സി) | നഴ്സിംഗ് രംഗത്ത് നൈപുണ്യവികസനത്തിനും ' കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി വിവിധ കാറ്റഗറികളിലുള്ള നഴ്സിംഗ് ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നതിന് 2017-2018 സാമ്പത്തിക വർഷത്തിൽ നഴ്സിംഗ് സർവ്വീസിന്റെ വികസനത്തിനായി 2210-01-001-90 എന്ന ശീർഷകത്തിൽ 147 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ Inservice training, Supervisory & Management Training to Nurse Administrators, Emergency & Trauma care, Induction training to Staff Nurses മുതലായ Training Programmes നടപ്പിലാക്കുന്നതാണ്. കൂടാതെ നഴ്സിംഗ് അസിസ്റ്റന്റ് വിഭാഗത്തിന് ട്രെയിനിംഗ് നൽകാനുള്ള കൈ പുസ്തകം തയ്യാറാക്കുന്നതിനും, അതിൻ പ്രകാരം എല്ലാ ജില്ലയിലും നേഴ്സിംഗ് അസിസ്റ്റന്റുമാർക്കുള്ള ട്രെയിനിംഗ് നൽകുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

Bidu

സെക്ഷൻ ഓഫീസർ